ദേശാഭിമാനി 28 July 2022

# കഴിഞ്ഞവർഷം ഉൽപ്പാദിപ്പിച്ചത് 34,000 ടൺ കടൽപ്പായൽ

കൊച്ചി

കഴിഞ്ഞവർഷം രാജ്യത്ത് 34,000 ടൺ കടൽപ്പായൽ ഉൽപ്പാദിപ്പിച്ചെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ പറഞ്ഞു. പരമ്പരാഗതമല്ലാത്ത ജലകൃഷിയെക്കുറിച്ച് സിഎംഎഫ്ആർഐ സംഘടിപ്പിച്ച ദേശീയ ശിൽപ്പശാലയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

രാജ്യത്ത് 342 സ്ഥലങ്ങൾ കടൽപ്പായൽക്കൃഷിക്ക് അനുയോജ്യമാണ്. ഇവിടങ്ങളിലായി വർഷം 97 ലക്ഷം ടൺ കടൽപ്പായൽ ഉൽപ്പാദിപ്പിക്കാം. 2025നകം വർഷം 11.42 ലക്ഷം ടൺ കടൽപ്പായൽ ഉൽപ്പാദനമാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നത്. കൂടുകൃഷിക്കൊപ്പം കടൽപ്പായലും കൃഷി ചെയ്യാൻ സിഎംഎഫ്ആർഐ വികസിപ്പിച്ച 'ഇംറ്റ' വിജയകരമാണെന്ന് തെളിഞ്ഞിട്ടുണ്ട്. ഇത് ജനകീയമാക്കും. അന്തരീക്ഷത്തിൽ കാർബൺ വാതകങ്ങളുടെ അളവ് നിയന്ത്രിക്കാൻ കടൽപ്പായൽക്കൃഷി സഹായിക്കും. കടൽപ്പായൽക്കൃഷി വ്യാപിപ്പിക്കുന്നതിലൂടെ നിരവധിപേർക്ക് സുസ്ഥിര ജീവനോപാധി ഒരുക്കാനാകുമെന്ന് ശിൽപ്പശാലയിൽ വിദഗ്ധർ പറഞ്ഞു.

അക്വാ അഗ്രോ പ്രോസസിങ് മാനേജിങ് ഡയറക്ടർ അഭിരാം സേത്ത്, ഓസ്ട്രേലിയയിലെ അക്വാകൾച്ചർ റിസർച്ച് സയന്റിസ്റ്റ് ഡോ. ബ്രയൻ റോബർട്സ്, ദുബായ് അക്വേറിയം ക്യൂറേറ്റോറിയൽ സൂപ്പർവൈസർ അരുൺ അലോഷ്യസ്, ഡോ. പി ലക്ഷ്മിലത, ഡോ. വി വി ആർ സുരേഷ് എന്നിവർ സംസാരിച്ചു.